(സി) ഡി.പി.ഇ.പി. സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിനുള്ള തടസ്സങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ഡി) എങ്കിൽ ഇത്തരം സ്കൂളുകൾക്ക് ഉടനടി അംഗീകാരം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ—ഡി) 20-10-2003-ലെ സർക്കാർ ഉത്തരവ് (ആർ.റ്റി.) നം. 4262/03/പൊ.വി. പ്രകാരം പാലക്കാട് ജില്ലയിൽ ഡി.പി.ഇ.പി. പദ്ധതിപ്രകാരം തുടങ്ങിയ 8 എൽ.പി. സ്കൂളുകൾ ടി പദ്ധതി നിർത്തലാക്കിയതിനെ തുടർന്ന് സർക്കാർ എൽ.പി. സ്കൂളുകൾ ആയി പ്രവർത്തിക്കുവാൻ അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവ് പുറപ്പെടുവിച്ചതിനുശേഷം അക്കൗണ്ടന്റ് ജനറൽ ചില അധിക വിവരങ്ങൾ സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. അക്കൗണ്ടന്റ് ജനറലിന് അന്തിമ മറുപടി അടിയന്തിരമായി നൽകുവാൻ നടപടി സ്വീകരിച്ചു വരുന്നു. മേൽപ്പറഞ്ഞ സാഹചര്യത്തിൽ ടി സ്കൂളുകൾക്കുള്ള ട്രഷറി ഓതറൈസേഷൻ ഇതുവരെ ലഭിച്ചിട്ടില്ല. അതിനാൽ പി.എസ്.സി. വഴി നിയമനം നടത്താൻ സാധിക്കുന്നില്ല.

കണ്ണൂർ ജില്ലയിൽ എസ്.എസ്.എ.-യിൽ ജോലി ചെയ്യുന്നവർ

338 [2396] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ സർവ്വശിക്ഷാ അഭിയാൻ പദ്ധതിയിൽ ആകെ എത്ര പേർ ജോലി ചെയ്തുവരുന്നുണ്ട്; ഇതിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ഉള്ളവർ എത്രയാണ്; ദിവസക്കൂലിയടിസ്ഥാനത്തിലുള്ളവർ എത്രയാണ്;

(ബി) എൽ.പി./യു.പി. സ്കൂളുകളിൽ ജോലി ചെയ്തുവരുന്ന എത്ര പ്രൊട്ടക്റ്റഡ് അദ്ധ്യാപകർ എസ്.എസ്.എ.-യിൽ ജോലി ചെയ്യുന്നു എന്നറിയിക്കുമോ;

(സി) അദ്ധ്യാപകരല്ലാത്ത മറ്റ് കാറ്റഗറികളിൽപ്പെട്ട് എത്ര പേർ എസ്.എസ്.എ.-യിൽ ജോലി ചെയ്യുന്നുണ്ട് എന്നറിയിക്കുമോ?

ഉത്തരം

(എ) ആകെ ജോലി ചെയ്യുന്നവർ .. 142

ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്നവർ .. 62

ദിവസക്കൂലിയടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർ .. 18

(ബി) 56 അദ്ധ്യാപകർ.

(സി) 39 പേർ.

LIBRARY ARCHIVES Kerala Legislative Assembly